21/02/2022

18/2/22

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
## തിരുവനന്തപുരം-695 001

Email: sic.ker@nic.in

ഹർജി നമ്പർ **AP 1790(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.155139/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ഫെബ്രുവരി 18**

ശ്രീ. ജോജൻ സി. ജോൺ,
ചെറുകര,
വെരൂർ പി.ഒ.,
വടക്കേക്കര, ചങ്ങനാശ്ശേരി,
കോട്ടയം – 686 104. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സെക്രട്ടറി,
വാഴപ്പള്ളി ഗ്രാമ പഞ്ചായത്ത്,
പി.ഒ. കുരിശുമ്മൂട്, ചങ്ങനാശ്ശേരി,
കോട്ടയം ജില്ല – 686 104.
2. അപ്പീൽ അധികാരി &
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം,
കോട്ടയം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 3.8.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 3.9.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 23.9.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 8.10.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 24.11.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 27.11.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 9.12.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 20.12.2021 |
| ഹിയറിംഗ് (ഓഡിയോ/വീഡിയോ) തീയതി | 15.2.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. ജോജൻ സി. ജോൺ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടവയിൽ ക്രമ നമ്പർ 1, 3, 4 എന്നീ ചോദ്യങ്ങൾക്കുള്ള മറുപടി ലഭിച്ചിട്ടില്ലെന്നും, ലഭിച്ച പകർപ്പുകളിൽ ഒരെണ്ണം ആവശ്യപ്പെട്ട രേഖയല്ലെന്നും

പകർപ്പുകൾ ലഭിക്കുന്നതിനുള്ള ഫീസ് അടയ്ക്കണമെന്ന് ആവശ്യപ്പെട്ടുള്ള കത്ത് ലഭിച്ചത് സമയപരിധിയ്ക്കുശേഷമാണെന്നും സമയബന്ധിതമായി മറുപടി നൽകിയിരുന്നു എന്ന് സ്ഥാപിക്കുന്ന ഡെസ്പാച്ച് രജിസ്റ്റർ തെളിവായി സ്വീകരിക്കരുതെന്നും, അപേക്ഷയിലെ ചോദ്യങ്ങൾക്ക് ഇനംതിരിച്ചുള്ള മറുപടിയല്ല നൽകിയതെന്നും, വ്യാജ രേഖയാണ് നൽകിയതെന്നും ആയതിനാൽ ഒന്നാം എതിർകക്ഷിക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 4.8.2021 തീയതി സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ് :

1) ശ്രീമതി. റോസമ്മ ജോൺ എന്നയാളുടെ വാർദ്ധക്യകാല പെൻഷൻ സംബന്ധിച്ച് ഡി.ഡി.പിയുടെ ഉത്തരവ് നടപ്പാക്കുന്നതിന്റെ ഭാഗമായി ഈ വിഷയം കമ്മിറ്റിയിൽ ചർച്ച ചെയ്തിരുന്നോ എന്നും

2) ചർച്ച ചെയ്തുവെങ്കിൽ പ്രസ്തുത കമ്മിറ്റിയുടെ അജണ്ടാ രജിസ്റ്റർ, തീരുമാന രജിസ്റ്റർ, മിനിറ്റ്സ് ബുക്ക്, മീറ്റിംഗ് നോട്ടീസ് എന്നിവയുടെ പകർപ്പുകൾ നൽകണമെന്നും

3) പ്രസ്തുത അപേക്ഷ സംബന്ധിച്ച് എന്തു തീരുമാനമാണ് കമ്മിറ്റി എടുത്തിട്ടുള്ളതെന്നും

4) പുന:പരിശോധനയിൽ അപേക്ഷ അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്യുന്നതിന് ഡി.ഡി.പിയുടെ ഉത്തരവിൽ സൂചിപ്പിച്ചിരിക്കുന്ന സർക്കാർ ഉത്തരവ് പരിഗണിച്ചിരുന്നുവോ എന്നുമാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 3.9.2021 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ പ്രസ്താവിച്ചത്. ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിന് എ4 സൈസ് പേജ് ഒന്നിന് 2 രൂപ നിരക്കിൽ 7 പേജിന് 14/- രൂപ ഒടുക്കേണ്ടതാണെന്നാണ്. തുടർന്ന് ഹർജിക്കാരൻ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, അനുവദനീയമായ 30 ദിവസത്തിനകം ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ലെന്നും ആയതിനാൽ രേഖകൾ സൗജന്യമായി ലഭിക്കുവാൻ ഹർജിക്കാരന് അർഹതയുണ്ടെന്നുമാണ് ടി അപ്പീൽ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, അപ്പീൽ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾക്ക് വിവരാവകാശ നിയമ പ്രകാരം അനുവദനീയമായ സമയപരിധിക്ക് ശേഷമാണ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി ലഭിച്ചതെന്നും ഫീസ് അടയ്ക്കാൻ ആവശ്യപ്പെട്ടിട്ടുള്ള കത്തിൽ അപ്പീൽ വാദി ആവശ്യപ്പെട്ട ചോദ്യങ്ങൾക്കുള്ള മറുപടി ഉൾപ്പെടുത്തിയിട്ടില്ലെന്നുമാണ് ഹർജിക്കാരൻ ആരോപിക്കുന്നതെന്നും, ഇക്കാര്യത്തിൽ എസ്.പി.ഐ.ഒ ലഭ്യമാക്കിയ വിശദീകരണത്തിൽ അപ്പീൽ വാദി 4.8.2021 തീയതിയിൽ സമർപ്പിച്ച വിവരാവകാശ അപേക്ഷ ശ്രീമതി. റോസമ്മ ജോൺ, ചെറുകര എന്നയാളുടെ വാർദ്ധക്യകാല പെൻഷൻ വിഷയം ഭരണ സമിതിയുടെ പരിഗണനയ്ക്ക് വന്നത് സംബന്ധിച്ചായിരുന്നു എന്നും ടി വിഷയത്തിൽ 22.7.2021-ലെ 3(1) നമ്പരായി ഭരണ സമിതി തീരുമാനം കൈക്കൊണ്ടിട്ടുള്ളതാണെന്നും അപേക്ഷകൻ ആവശ്യപ്പെട്ടിട്ടുള്ള പകർപ്പ് ലഭ്യമാക്കുന്നതിന് പകർപ്പ് ഫീസ് ഒടുക്കേണ്ടതാണെന്ന് കാണിച്ച് 3.9.2021-ൽ അപേക്ഷകന് മറുപടി നൽകിയിട്ടുള്ളതാണെന്നും അപ്പീൽ അപേക്ഷയും, അനുബന്ധ

രേഖകളും എസ്.പി.ഐ.ഒയുടെ വിശദീകരണവും ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പും പരിശോധിച്ചതിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ സമയബന്ധിതമായി മറുപടി നൽകിയതായി കാണുന്നു എന്നും എന്നിരുന്നാലും അനുവദനീയമായ സമയപരിധിക്ക് ശേഷമാണ് എസ്.പി.ഐ.ഒയുടെ മറുപടി ലഭിച്ചതെന്ന് അപ്പീൽ വാദി ആരോപണം ഉന്നയിക്കുന്ന സാഹചര്യത്തിൽ പഞ്ചായത്തിൽ ലഭ്യമായ രേഖകളുടെ പകർപ്പുകൾ മാത്രം ഉൾപ്പെടുന്ന മറുപടിയ്ക്കായി പകർപ്പ് ഫീസ് ഒടുക്കുന്നതിനുള്ള മറുപടി ലഭ്യമാക്കുന്നതിൽ കാലതാമസമെടുത്തത് അഭികാമ്യമല്ലെന്ന് വിലയിരുത്തി 3 ദിവസത്തിനകം അപ്പീൽ വാദി ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകൾ സൗജന്യമായി നൽകുന്നതിനും ഭാവിയിൽ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷകൾ കൈകാര്യം ചെയ്യുമ്പോൾ എസ്.പി.ഐ.ഒ കൃത്യത പുലർത്തണമെന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. ജോജൻ സി. ജോൺ, 4.8.2021 തീയതിയിൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് ലഭ്യമായ മറുപടി തൃപ്തികരമല്ലായെന്നു കാണിച്ചാണ് അപ്പീൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്നും അപ്പീൽ അപേക്ഷയും, അനുബന്ധ രേഖകളും എസ്.പി.ഐ.ഒയുടെ വിശദീകരണവും ഹാജരാക്കിയ ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പും പരിശോധിച്ചതിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ സമയബന്ധിതമായി മറുപടി നൽകിയതായി കാണുന്നു എന്നും എന്നിരുന്നാലും അനുവദനീയമായ സമയപരിധിക്ക് ശേഷമാണ് എസ്.പി.ഐ.ഒയുടെ മറുപടി ലഭിച്ചതെന്ന് അപ്പീൽ വാദി ആരോപണം ഉന്നയിക്കുന്ന സാഹചര്യത്തിൽ സെക്രട്ടറിയുടെ പ്രത്യേക അഭിപ്രായക്കുറിപ്പുകൾ ആവശ്യമില്ലാത്തതും പഞ്ചായത്തിൽ ലഭ്യമായതുമായ രേഖകളുടെ പകർപ്പുകൾ മാത്രം ഉൾപ്പെടുന്ന മറുപടിയ്ക്കായി പകർപ്പ് ഫീസ് ഒടുക്കുന്നതിനുള്ള മറുപടി ലഭ്യമാക്കുന്നതിൽ കാലതാമസമെടുത്തത് അഭികാമ്യമല്ലെന്ന് കാണുന്നതിനാൽ അപ്പീൽ അധികാരിയുടെ ഉത്തരവ് കൈപ്പറ്റി 3 ദിവസത്തിനകം അപ്പീൽ വാദി ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകൾ സൗജന്യമായി നൽകുന്നതിനും ഭാവിയിൽ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷകൾ കൈകാര്യം ചെയ്യുമ്പോൾ കൃത്യത പുലർത്തണമെന്നും എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 03-08-21-ലെ വിവരാവകാശ അപേക്ഷയ്ക്ക് 03-09-21 നാണ് ഒന്നാം എതിർകക്ഷി പകർപ്പ് ഫീ ഒടുക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് മറുപടി നൽകിയിട്ടുള്ള തെന്നും അപേക്ഷയിലെ മറ്റ് ഇനങ്ങൾക്ക് നൽകുവാൻ കഴിയുന്ന വിവരങ്ങൾ നൽകാ-തെയുമാണ് ഫീസ് ഒടുക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ടി മറുപടി നൽകിയിട്ടുള്ള തെന്നും കാണുന്നു. വിവരാവകാശ നിയമം 7(3) പ്രകാരമുള്ള പകർപ്പ് ഫീസ് ഒടുക്കു-വാൻ വിവരം നൽകേണ്ട അവസാന തീയതിയായ 30-ാം ദിവസം നിർദ്ദേശിക്കുന്നത് ഉചിതമല്ലെന്നും വിവരാവകാശ അപേക്ഷ ലഭിച്ച ഉടനെ തന്നെ പകർപ്പ് ഫീ സംബ-ന്ധിച്ച വിവരം നൽകണമെന്നും എന്നാൽ മാത്രമേ 30 ദിവസത്തിനകം തന്നെ രേഖകൾ ഹർജിക്കാരന് ലഭിക്കുകയുള്ളൂ എന്നും 11.2.2013-ലെ എഫ് 12/31/2013-1ആർ നമ്പർ ഓഫീസ് മെമ്മോറാണ്ടത്തിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ആയതിനാൽ കാലതാമസം വരുത്തി പകർപ്പ് ഫീ ഒടുക്കുവാൻ നിർദ്ദേശിച്ചതിലും ലഭ്യമായ വിവരം ടി മറുപടിയിൽ നൽകാതിരുന്നതിലുമുള്ള ഒന്നാം എതിർകക്ഷിയുടെ വിശദീകരണം 28.02.2022 നകം കമ്മീഷൻ മുമ്പാകെ ഹാജരാക്കേണ്ടതാണ്. ടി വിശദീകരണം

പരിശോധിച്ച് വിവരാവകാശ നിയമം 7(1), 7(3) എന്നീ വകുപ്പുകളുടെ ലംഘനം ടിയാന്റെ ഭാഗത്ത് ഉണ്ടായിട്ടുണ്ടോ എന്ന കാര്യം കമ്മീഷൻ പരിശോധിക്കുന്നതാണ്.

6. അപ്പീൽ തീർപ്പിനെ തുടർന്ന് അപേക്ഷയിലെ 1, 3, 4 എന്നീ ഇനങ്ങൾക്ക് മറുപടിയായി ഭരണ സമിതി തീരുമാനവുമായി ബന്ധപ്പെട്ട എല്ലാ രേഖകളുടെയും പകർപ്പുകളും ഹർജിക്കാരന് നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ഇക്കാര്യത്തിൽ മറ്റ് നിർദ്ദേശങ്ങൾ ഒന്നും കമ്മീഷൻ പുറപ്പെടുവിക്കുന്നില്ല. എന്നാൽ നൽകിയ മറുപടിയിൽ ഹർജിക്കാരൻ ആക്ഷേപം ഉന്നയിക്കുകയാണെങ്കിൽ വ്യക്തത വരുത്തി മറുപടി തയ്യാറാക്കി ഹർജിക്കാരന് നൽകണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജിയിലെ നടപടികൾ തീർപ്പാക്കി ഇന്നേ ദിവസം 2022 ഫെബ്രുവരി 18-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk